V റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 27-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(1) കാര്യോപദേശക സമിതിയുടെ 27-ാമതു റിപ്പോർട്ട്
(2) 1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. ഇ. കെ. നായനാർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീ. കെ. കരുണാകരൻ അദ്ധ്യക്ഷനായിട്ടുള്ള 10-ാം സബ്ജക്ട് കമ്മിറ്റിയുടെ 1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ മീറ്റിങ്ങിൽ പങ്കെടുത്തെങ്കിലും ഞങ്ങടെ ഉംപ്പെടെ ചർച്ച നടന്നില്ല. ഞങ്ങൾക്ക് അര മണിക്കൂർ അവിടെ കാത്തു നിൽക്കേണ്ടി വന്നു. ഞങ്ങടെ ഇല്ലാതെ ഞങ്ങളുടെ പേരിൽ എഴുതിവച്ചിട്ടുള്ള ഈ റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കാൻ പറ്റുകയില്ല. അതുകൊണ്ടാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്തത്. ഞങ്ങടെ അര മണിക്കൂർ കാത്തുനിന്നിട്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനും വന്നിട്ടില്ല, നിയമവകുപ്പു മന്ത്രിയും വന്നിട്ടില്ല. അങ്ങനെ ആ തരത്തിൽ നിരുത്തരവാദപരമായി പെരുമാറി കൊണ്ടു വരുന്ന ഒരു കമ്മിറ്റി റിപ്പോർട്ടിൽ ഞങ്ങടെ പങ്കാളികളല്ല.

മി. സ്പീക്കർ : ചെയർ അത് പ്രാഥമികമായി പരിശോധിച്ചു. ബഹുമാനപ്പെട്ട അംഗങ്ങടെ അവിടെ വന്നിരുന്നു. മുഖ്യമന്ത്രി വരാൻ വൈകി. അതുകൊണ്ട് മെമ്പർമാർ കാത്തുനിന്നില്ല. മെമ്പർമാർ പങ്കെടുക്കാത്ത വിവരം മിനിറ്റ്സിൽ കാണിച്ചിട്ടുണ്ട്. അതിനുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനകത്ത് അപാകതയുള്ളതായി തോന്നുന്നില്ല. അതുകൊണ്ട് റിപ്പോർട്ട് അവതരിപ്പിക്കാം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI റിപ്പോർട്ട് പരിഗണന

(1) കാര്യോപദേശക സമിതിയുടെ 27-ാമതു റിപ്പോർട്ടിന്റെ പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 27-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

(2) 1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ പരിഗണന

LIBRARY ARCHIVES Kerala Legislative Assembly